**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2740** **17-03-2022 - ൽ മറുപടിയ്ക്ക്**

**ലോണുകളുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ മുത്തേടം അർബൻ സഹകരണ സംഘം, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് എന്നിവയുടെ ഡയറക്ടർ ബോർഡ് അംഗമായിരുന്ന ശ്രീ. പി. ഇസ്മയിൽ (ഇസ്മയിൽ മുത്തേടം), പരശ്ശനാംകുന്നൻ ഹൗസ്, കാരപ്പുറം (പി.ഒ.) - 679331 എന്നവരും കുടുംബവും സ്വന്തം പേരിലും ബിനാമി പേരുകളിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽ നിന്നും ജില്ലാ ബാങ്കിന്റെ വിവിധ ബ്രാഞ്ചുകളിൽ നിന്നും മറ്റു സഹകരണ സംഘങ്ങളിൽ നിന്നും വാങ്ങിയ ലോണുകളുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച് സഹകരണ നിയമം സെക്ഷൻ 65, 66 പ്രകാരം സമഗ്ര പരിശോധന നടത്തി നടപടി സ്വീകരിക്കുവാൻ മലപ്പുറം ജില്ലാ ജോയിന്റ് രജിസ്ട്രാർ പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | മേൽ വിഷയത്തിൽ സഹകരണ നിയമം സെക്ഷൻ 65, 66 പ്രകാരം സമഗ്ര പരിശോധനക്കുള്ള ഉത്തരവ് നൽകുന്നത് സഹകരണ വകുപ്പ് പരിഗണിക്കുമോ; വിശദമാക്കാമോ; | (ബി) | ശ്രീ.ഇസ്മയിൽ മുത്തേടത്തിന് എതിരെ ലഭ്യമായ പരാതികളിന്മേൽ പ്രാഥമിക പരിശോധനകൾ നടന്നു വരുന്നു. ഈ പരാതികളിന്മേൽ സഹകരണ നിയമം വകുപ്പ് 65,66 പ്രകാരമുള്ള അന്വേഷണം ആവശ്യമാണെന്ന് കണ്ടെത്തുന്നപക്ഷം ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | മേൽ ക്രമക്കേടുകൾ നടത്തിയ വ്യക്തിക്കെതിരായ വകുപ്പുതല അന്വേഷണം ഉൾപ്പടെയുള്ള നടപടികൾക്ക് കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുമോ? | (സി) | ശ്രീ.ഇസ്മയിൽ മുത്തേടത്തിന് എതിരെ ലഭ്യമായ പരാതികളിന്മേലുള്ള പരിശോധന പൂർത്തിയാക്കിയതിനു ശേഷം ആവശ്യമുള്ളപക്ഷം നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ